സ്പോർട്സ് കൗൺസിലിൽ നിന്നുള്ള ധനസഹായത്തിനായി ഭൂമിയുടെ ഉടമസ്ഥത തെളിയിക്കുന്നതിനുള്ള രേഖകൾ, ചെയ്യാനുദ്ദേശിക്കുന്ന പണിയുടെ എസ്റ്റിമേറ്റ് എന്നിവ സഹിതം കൗൺസിലിൽ അപേക്ഷിക്കേണ്ടതാണ്.

കടൽ തീരത്ത് കല്ലടുക്കുന്നത് സംബന്ധിച്ച നിർദ്ദേശം

108 [290] *ശ്രീ. എം. എ. വാഹീദ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ സുനാമി ദുരന്തവുമായി ബന്ധപ്പെട്ട് കഴക്കൂട്ടം നിയോജക മണ്ഡലത്തിലെ വേളി പൊഴിയോടനുബന്ധിച്ച് 500 മീറ്റർ നീളത്തിൽ കല്ലടുക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഈ നിർദ്ദേശം ഇതുവരെയും പ്രാവർത്തികമാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രദേശവാസികളുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് ഈ പദ്ധതി അടിയന്തിരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വേളി പൊഴിയുടെ വടക്കുവശത്ത് 500 മീറ്റർ നീളത്തിൽ കല്ലടുക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) ഫണ്ടിന്റെ അപര്യാപ്തതയാണ് കാരണം.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത പ്രവൃത്തിക്ക് അനുമതി നൽകുന്നതാണ്.

മത്സ്യത്തൊഴിലാളികളുടെ ദുരിതങ്ങൾ പരിഹരിക്കാൻ നടപടി

109 [291] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തവും അടിക്കടി ഉണ്ടാകുന്ന കടൽക്ഷോഭവുംമൂലം സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ദുരിതങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മത്സ്യത്തൊഴിലാളികളുടെ കടബാദ്ധ്യത എഴുതിത്തള്ളുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥാവകാശവും ആദ്യ വില്പനയ്ക്കുള്ള അവകാശവും മത്സ്യത്തൊഴിലാളികൾക്ക് മാത്രമാക്കണമെന്ന ആവശ്യം പരിഗണിക്കുമോ;

(ഡി) മത്സ്യത്തൊഴിലാളികളുടെ ക്ഷേമപദ്ധതികൾ പുനഃസ്ഥാപിക്കാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കടബാദ്ധ്യത എഴുതിത്തള്ളുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ മത്സ്യബന്ധന മേഖലയിൽ നൽകിയിട്ടുള്ള വായ്പകളുടെ തിരിച്ചടവ് കാലാവധി ആറ് മാസത്തേക്ക് നീട്ടിയിട്ടുണ്ട്.

(സി) മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥാവകാശം മത്സ്യത്തൊഴിലാളികൾക്കു മാത്രമായി നിശ്ചയിക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. എന്നാൽ മത്സ്യത്തിന്റെ ആദ്യ വിൽപ്പനയ്ക്കുള്ള അവകാശം മത്സ്യത്തൊഴിലാളികൾക്കായി നിജപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന എല്ലാ പദ്ധതികളും തുടർന്നും നടപ്പിലാക്കിവരുന്നുണ്ട്.

സുനാമിമൂലം തൊഴിലുപകരണങ്ങൾ നഷ്ടപ്പെട്ടവർക്കുള്ള ധനസഹായം

110 [292] *ശ്രീ. എ. എ. അസീസ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമിമൂലം തൊഴിലുപകരണങ്ങൾ നഷ്ടപ്പെട്ട സംസ്ഥാനത്തെ ഏത്ര മത്സ്യത്തൊഴിലാളികൾക്ക് എന്ത് തുക മത്സ്യഫെഡുവഴി വിതരണം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവ ഏതെല്ലാം പ്രദേശങ്ങളിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇപ്രകാരം ആനുകൂല്യങ്ങൾ ലഭിച്ചവരുടെ ലിസ്റ്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) സുനാമിമൂലം മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ട സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലെ 8702 ഗ്രൂപ്പുകളിലായി 77718 മത്സ്യത്തൊഴിലാളികൾക്ക് ആകെ 1300.96 ലക്ഷം രൂപയ്ക്കുള്ള മത്സ്യബന്ധന ഉപകരണങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly